III ഇ.ബി. XII-കേരള നിയമസഭ/IV-10

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 15, വ്യാഴം**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*211, *212 & *213) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിരപ്രമേയം

ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ഗൂഡ്രിക്കൽ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ്സിൽ തള്ളിക്കയറി ഫോറസ്റ്റ് ഗാർഡിനെ മർദ്ദിക്കുകയും ഓഫീസ് ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്ത സംഭവം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാലംഗങ്ങളും നോട്ടീസ് നൽകിയ അടിയന്തിരപ്രമേയത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി

നിഷേധിച്ചു. തുടർന്ന് മന്ത്രി നൽകിയ മറുപടിയിൽ വിശ്വാസമില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയാണ് അറിയേണ്ടതെന്നും ശ്രീ. ജി. കാർത്തികേയൻ ആവശ്യപ്പെടുകയും ഈ സംഭവത്തിന് ഉത്തരവാദി കളായവർക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കുന്നതാണെന്ന മറുപടി മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്ചുതാനന്ദൻ നൽകുകയും ചെയ്തു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം രോഗികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. സി.എഫ്. തോമസ് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്ത് ഈ വർഷം അനുഭവപ്പെടാൻ സാധ്യതയുള്ള വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം.ഹംസ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV ഗവർണ്ണറുടെ സന്ദേശം

2007 മാർച്ച് 7–ാം തീയതി സഭ അംഗീകരിച്ച നന്ദി പ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## V റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

2006–ലെ കർഷക കടാശ്വാസ കമ്മിഷൻ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന കർഷക കടാശ്വാസ കമ്മിഷനെ നിയമിച്ചുവെന്നും കമ്മിഷനിൽ റിട്ടയേർഡ് ജഡ്ജി ശ്രീ. കെ.എ. അബ്ദുൾ ഗഫൂർ അദ്ധ്യക്ഷനും സർവ്വശ്രീ എം.കെ. ഭാസ്കരൻ, സത്യൻ മൊകേരി, പ്രൊഫ. എൻ. ചന്ദ്രശേഖരൻ നായർ, പ്രൊഫ. എം.കെ. ജേക്കബ് എന്നിവർ അംഗങ്ങളുമായിരിക്കുമെന്നും മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ സഭയെ അറിയിച്ചു.

## VI സബ്മിഷൻ

(1) എസ്.എസ്.എൽ.സി പരീക്ഷയുടെ അറബിക് ചോദ്യപ്പേപ്പറിന്റെ തലക്കെട്ട് മാറിപ്പോയത് സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) തിരൂർ ഫയർസ്റ്റേഷന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) കരമന മുതൽ അമരവിള വരെയുള്ള എൻ.എച്ച്–ൽ അനുഭവപ്പെടുന്ന യാത്രാക്ലേശം സംബന്ധിച്ച് ശ്രീ. വി. ജെ. തങ്കപ്പൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(4) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(5) പൂട്ടിക്കിടക്കുന്ന തഴുത്തല കശുവണ്ടി ഫാക്ടറി കെട്ടിടം ലേലം ചെയ്തതു സംബന്ധിച്ച് ശ്രീ. എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(6) സഹകരണ ജനാധിപത്യവേദി 15–3–07–ന് സെക്രട്ടേറിയറ്റിനു മുമ്പിൽ നടത്തുന്ന സമരം സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൊച്ചി നഗരത്തിലെ മെട്രോ റയിൽ പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച് പ്രൊഫ: കെ.വി. തോമസ് ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കണ്ണൂരിലെ മുണ്ടയാട് ആരംഭിച്ച സ്പോർട്ട്സ് കോംപ്ളക്സിന്റെ വികസനം സംബന്ധിച്ച് ശ്രീ. കെ. സുധാകരൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാല ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. കൃഷ്ണപ്രസാദ് ഉന്നയിച്ച സബ്മിഷന്

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിന്റെ അതിർത്തിയിൽ കർണ്ണാടക സർക്കാർ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) പാർവ്വതീപുത്തനാറിലെ മലിനജലം കരമനയാറിൽ ചേരുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ജോർജ് മേഴ്സിയർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(12) രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ.കെ. ജയചന്ദ്രൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് അസോസിയേഷൻ മാർച്ച് 3 അവകാശദിനമായി ആചരിക്കുന്നത് സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(14) വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചാൻ തോട് ശുചീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.വി.സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(15) തൃപ്പൂണിത്തുറ, വൈറ്റില–പേട്ട റോഡ് നാലുവരിപ്പാതയാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. ബാബു ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(16) വെള്ളനാട് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് ശ്രീ.മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(17) കാസർഗോഡ് ജില്ലയിൽ കാർഷികാവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ.സി.എച്ച്. കുഞ്ഞംബു ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## VII റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII നിയമനിർമ്മാണകാര്യം

(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും റവന്യൂ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സർവ്വശ്രീ ജി. കാർത്തികേയൻ, വി.ഡി. സതീശൻ, സി.എഫ്. തോമസ് എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. തോമസ് ഉണ്ണിയാടനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ.കെ.സി. വേണുഗോപാലും അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

സർവ്വശ്രീ കെ. ശിവദാസൻ നായർ, എം. ചന്ദ്രൻ എന്നീ അംഗങ്ങളും സംസാരിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 157–ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച 184–ാം നമ്പർ ഭേദഗതിയും 23–നെതിരെ 55 വോട്ടുകളോടെയും ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 170–ാം നമ്പർ ഭേദഗതി 22–നെതിരെ 60 വോട്ടുകളോടേയും 213–ാം നമ്പർ ഭേദഗതി 25–നെതിരെ 60 വോട്ടുകളോടേയും 335–ാം നമ്പർ ഭേദഗതി 22–നെതിരെ 60

വോട്ടുകളോടെയും 377–ാം നമ്പർ ഭേദഗതി 22–നെതിരെ 61 വോട്ടുകളോടെയും സഭ നിരാകരിച്ചു.

2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി

(2) 2007–ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

2007–ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

## IX പ്രസ്താവന

14–3–2007–ൽ സഭാതലത്തിൽ ബഡ്ജറ്റ് ചർച്ചകൾക്ക് മറുപടി പറയവേ പ്രഖ്യാപിച്ച 28.94 കോടി രൂപയുടെ അധികച്ചെലവ് കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റ് പ്രസംഗത്തിലെ 219–ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന തുക 241.07 കോടി രൂപയായി വർദ്ധിച്ചുവെന്നും തന്മൂലം ഇതേ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വർഷാന്ത്യ ബാക്കി 551.07 കോടി രൂപയായി മാറുന്നതാണെന്നും ധനകാര്യ വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

## X ക്രമപ്രശ്നം

ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ പ്രഖ്യാപനങ്ങൾ സഭയിൽ നടത്തിയതു സംബന്ധിച്ച കണക്കുകളുടെ കൃത്യമായ സ്റ്റേറ്റ്മെന്റ് സഭയിൽ ഹാജരാക്കേണ്ട കാര്യമില്ലെന്ന് സഭയിൽ പറഞ്ഞിട്ട് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയും വകുപ്പു സെക്രട്ടറിയും പത്രസമ്മേളനം നടത്തി കാര്യങ്ങൾ കൂടുതൽ വ്യക്തമായക്കിയതു സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചതിന് അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് ശരിയല്ലെന്നും സഭയുടെ ചരിത്രത്തിൽ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയും ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

സർവ്വശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ, ബാബു പോൾ, എം.കെ. പ്രേംനാഥ്, യു.സി. രാമൻ, ആർ. സെൽവരാജ്, പി.സി. വിഷ്ണുനാഥ്, പ്രൊഫ: എൻ. ജയരാജ് എന്നിവർ ധനകാര്യ ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കും ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുംശേഷം 2007-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007–ലെ കേരള ധനവിനിയോഗ ബിൽ 25–നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കി

2007 മാർച്ച് 16–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.22 –ന് പിരിഞ്ഞു.

.............................